**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1862** **20-06-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ഡിപ്പോയിൽ കെട്ടിട നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ മാവേലിക്കര ഡിപ്പോയിൽ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച തുക വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച തുക വിനിയോഗിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തി ആരംഭിച്ചു എങ്കിലും മുനിസിപ്പാലിറ്റിയിൽ നിന്നും അനധികൃത നിർമ്മാണത്തിന്റെ പേരിൽ സ്റ്റോപ്പ് മെമ്മോ നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. എന്നാൽ മുൻ നിർമ്മാണ പ്രവൃത്തിയ്ക്ക് നൽകിയ സ്റ്റോപ്പ് മെമ്മോ പിൻവലിച്ചാൽ മാത്രമേ പുതിയ നിർമ്മാണ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ എന്നതിനാൽ സ്റ്റോപ്പ് മെമ്മോ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഭരണാനുമതി ലഭിച്ച പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച തുക വിനിയോഗിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തി ആരംഭിച്ചു എങ്കിലും മുനിസിപ്പാലിറ്റിയിൽ നിന്നും അനധികൃത നിർമ്മാണത്തിന്റെ പേരിൽ സ്റ്റോപ്പ് മെമ്മോ നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. എന്നാൽ മുൻ നിർമ്മാണ പ്രവൃത്തിയ്ക്ക് നൽകിയ സ്റ്റോപ്പ് മെമ്മോ പിൻവലിച്ചാൽ മാത്രമേ പുതിയ നിർമ്മാണ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ എന്നതിനാൽ സ്റ്റോപ്പ് മെമ്മോ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ